5420
15/9/10

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആദായകരമായ വികസന പദ്ധതികൾ - കേരള സംസ്ഥാന ഗ്രാമവികസന ബോർഡ് (നിർത്തലാക്കിയത്) ഗ്രാമപഞ്ചായത്തുകളുടെ കുടിശിക തുക - അധിക പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി - അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാ)നം. 2896/10/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി: 02/09/2010.**

---

പരാമർശം:- 1. 30.1.2009ലെ പഞ്ചായത്ത് ഡയറക്ടറുടെ എം.5-768/07 നമ്പർ കത്ത്
2. 26/5/2010 ലെ കെ.എസ്.ആർ.ഡി.ബി സ്പെഷ്യൽ ഓഫീസറുടെ 3504/എ3/ആർ.ഡി.ബി/91 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന ഗ്രാമവികസന ബോർഡ് (നിർത്തലാക്കിയത്) നിലവിലുണ്ടായിരുന്നപ്പോൾ ഗ്രാമപഞ്ചായത്തുകൾ ആദായകരമായ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾക്ക് ചിലവാകുന്ന തുക, പുതുക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള തുകയും ബോർഡിന്റെ നിബന്ധനയനുസരിച്ച് യഥാസമയം കേരള സംസ്ഥാന ഗ്രാമവികസന ബോർഡു തീരുമാനിക്കുന്ന പലിശയോടുകൂടി ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. നിശ്ചിത കാലയളവിനുള്ളിൽ അടച്ചുകൊള്ളാമെന്ന് ഗ്രാമ പഞ്ചായത്ത് അതിന്റെ തീരുമാനപ്രകാരം ബോർഡിനോട് സമ്മതിക്കുകയും അപ്രകാരം കരാറിൽ ഏർപ്പെടുകയും ചെയ്തതിനുശേഷമാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ഇപ്രകാരം പദ്ധതി നടപ്പിലാക്കിയാൽ ഗ്രാമപഞ്ചായത്തിന് ആയതിൽ നിന്നും ലഭ്യമാകുന്ന വാർഷികാദായ സർട്ടിഫിക്കറ്റ് ഗ്രാമപഞ്ചായത്ത് നൽകുകയും ചെയ്തിട്ടുണ്ട്. തിടനാട് ഗ്രാമപഞ്ചായത്തും ഇപ്രകാരം ബോർഡുമായി കരാറിലേർപ്പെടുകയും മിനി സിവിൽസ്റ്റേഷൻ പദ്ധതി നടപ്പിലാക്കിയാൽ 99100/- രൂപ വാർഷിക വരുമാനം ലഭിക്കുകയും ചെയ്യുമെന്ന് സാക്ഷ്യപത്രം നൽകുകയും ചെയ്തിട്ടുളളതും ആയതിന്റെ അടിസ്ഥാനത്തിലാണ് ബോർഡ് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളതും. എന്നാൽ യഥാസമയം തുക തിരിച്ചടക്കാത്തതിനാൽ പലിശ, പിഴപ്പലിശ എന്നിവ ചേർന്നു ഗ്രാമപഞ്ചായത്തുകൾക്ക് വൻ ബാദ്ധ്യതയായി മാറിയിരിക്കുന്നു.

അധികമായി അടയ്ക്കേണ്ട തുക ഇളവ് ചെയ്യുന്ന കാര്യത്തിൽ സർക്കാർ തലത്തിൽ തന്നെ തീരുമാനം കൈക്കൊള്ളണമെന്നും ബോർഡ് വായ്പ എടുത്ത് പദ്ധതി നടപ്പിലാക്കിയ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഇതേ വിഷയം അക്കൗണ്ടന്റ് ജനറൽ ഉന്നയിച്ചിട്ടുള്ളതിനാൽ പൊതുവായ തീരുമാനം ഇക്കാര്യത്തിൽ കൈക്കൊള്ളണമെന്നും പഞ്ചായത്ത് ഡയറക്ടർ സൂചന ഒന്നിലെ കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

കേരള സംസ്ഥാന ഗ്രാമവികസന ബോർഡ് നിർത്തലാക്കിയതിനെത്തുടർന്ന് ആദായകരമായി വികസന പദ്ധതിയിനത്തിൽ ബോർഡിനു ലഭിക്കേണ്ടിയിരുന്ന കുടിശിക തുകകൾ സർക്കാരിനു ലഭിക്കാനുള്ള കുടിശിക തുകയായി മാറിയിട്ടുണ്ട്. ഇപ്രകാരം സർക്കാരിനു ലഭിക്കാനുള്ള ഗ്രാമപഞ്ചായത്തുകളുടെ കുടിശിക ഈടാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അധിക പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി ഇനി അടച്ചു തീർക്കാൻ ശേഷിക്കുന്ന മുതലും ആയതിന്മേൽ ബോർഡുമായി കരാറുണ്ടാക്കിയ കാലയളവിലെ പലിശയും നിരക്കിൽ കുടിശിക തുക കുറഞ്ഞത് 12 മുതൽ 20 വരെയുള്ള പലിശരഹിത അർദ്ധവാർഷിക ഗഡുക്കളായി ഒടുക്കി ബാധ്യത അവസാനിപ്പിക്കാൻ ഒരു പൊതുവായ തീരുമാനം എന്ന നിലയിൽ കുടിശിക വരുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളെ അനുവദിക്കാവുന്നതാണെന്നും കെ.എസ്.ആർ.ഡി.ബി. സ്പെഷ്യൽ ഓഫീസർ പരാമർശം രണ്ടിലെ കത്ത് പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആദായകരമായ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതിപ്രകാരം കേരള സംസ്ഥാന ഗ്രാമവികസന ബോർഡുമായി കരാറുണ്ടാക്കി തുക കൈപ്പറ്റുകയും ആയത് കുടിശികയാക്കുകയും ചെയ്ത ഗ്രാമപഞ്ചായത്തുകളുടെ കുടിശിക തുക ഈടാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അധിക പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി ഇനി അടച്ചുതീർക്കാൻ ശേഷിക്കുന്ന മുതലും കെ.എസ്.ആർ.ഡി.ബിയുമായി കരാറുണ്ടാക്കിയിട്ടുള്ള കാലയളവിലെ പലിശയും നിരക്കിൽ കുടിശിക തുക കുറഞ്ഞത് 12 മുതൽ 20 വരെയുള്ള പലിശരഹിത അർദ്ധവാർഷിക ഗഡുക്കളാക്കി ഒടുക്കു വരുത്തി ബാദ്ധ്യത അവസാനിപ്പിക്കാൻ ഇത്തരുണത്തിൽ കുടിശ്ശിക നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനാൽ അനുമതി നൽകി ഉത്തരവാകുന്നു. കുടിശിക ഗഡുക്കളുടെ എണ്ണം സംബന്ധിച്ച തീരുമാനം സ്പെഷ്യൽ ഓഫീസർ, കെ.എസ്.ആർ.ഡി.ബിയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും സംയുക്തമായി തീരുമാനിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
രാജേഷ് കുമാർ സിംഗ്
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ് / സെക്രട്ടറി എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സ്പെഷ്യൽ ഓഫീസർ, കെ.എസ്.ആർ.ഡി.ബി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ),കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്.